(ബി) കയർജിയോ ടെക്സ്റ്റയിൽസിന്റെ സാധ്യതകൾ എത്രത്തോളം സംസ്ഥാനത്ത് പ്രയോജനപ്പെടുന്നുണ്ട്. മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾക്ക് കയറുല്പന്നങ്ങൾ ഉപയോഗപ്പെടുത്തുന്നുണ്ടോ ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

**ഉത്തരം**

(എ) സംസ്ഥാനത്ത് സഹകരണ മേഖല, പൊതുമേഖല, സ്വകാര്യ മേഖല എന്നിവിടങ്ങളിലാണ് കയറും കയറുൽപന്നങ്ങളും ഉൽപാദിപ്പിക്കുന്നത്. ഇവയുടെ ഉൽപാദനം സംബന്ധിച്ച് വ്യക്തമായ കണക്കുകൾ ക്രോഡീകരിക്കുന്നില്ല. പ്രതിവർഷം ഏകദേശം 19 കോടി രൂപയുടെ കയർ കയർഫെഡ് വിപണനം നടത്തുന്നു. കയർ ഉൽപന്ന മേഖലയിൽ കയർബോർഡിന്റെ കണക്കുപ്രകാരം 2009-10 വർഷത്തിൽ ഇൻഡ്യയിൽ നിന്ന് കയറ്റി അയച്ചത് 804.05 കോടി രൂപയുടെ ഉൽപന്നങ്ങളാണ്. ഇതിന്റെ ഏകദേശം 75% അതായത് 603 കോടി രൂപയുടെ ഉൽപന്നങ്ങൾ സംസ്ഥാനത്ത് ഉൽപാദിപ്പിച്ചവയാണെന്ന് കണക്കാക്കപ്പെടുന്നു.

(ബി) കനാൽ സംരക്ഷണം, ബണ്ട് നിർമ്മാണം, ചരിവ് പ്രദേശങ്ങൾ സംരക്ഷിച്ച് മണ്ണൊലിപ്പ് തടയാൻ വെള്ളക്കെട്ടുള്ള പ്രദേശങ്ങളിലെ റോഡ് നിർമ്മാണം തുടങ്ങിയവയുൾപ്പെടെയുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്ക് കയർ ഭൂവസ്ത്രം ഉപയോഗിച്ചുവരുന്നു. ദേശീയ തൊഴിലുറപ്പ് പദ്ധതി പ്രകാരമുള്ള നിർമ്മാണ പ്രവർത്തനങ്ങളിൽ കയർ ഭൂവസ്ത്രം ഒരു നിർമ്മാണവസ്തുവായി ഉപയോഗിച്ചുവരുന്നു. മണ്ണ് സംരക്ഷണ പ്രവർത്തനങ്ങളായ മണ്ണൊലിപ്പ് തടയൽ, കുന്നിൻ ചരിവ് സംരക്ഷിക്കൽ, നീർത്തടങ്ങളുടെ വശങ്ങൾ ബലപ്പെടുത്തൽ എന്നിവയ്ക്ക് കയർ ഭൂവസ്ത്രം വ്യാപകമായി ഉപയോഗിച്ച് വരുന്നു. ആലപ്പുഴ ജില്ലയിലെ മുതുകുളം ബ്ലോക്ക് പഞ്ചായത്ത് ബണ്ട് നിർമ്മാണം, കനാൽ സംരക്ഷണം എന്നിവയ്ക്ക് പൂർണ്ണതോതിൽ കയർ ജിയോടെസ്റ്റയിൽസ് ഉപയോഗിച്ചതിനാൽ പ്രഥമ കയർ ഭൂവസ്ത്ര ബ്ലോക്കായി മുതുകുളം ബ്ലോക്ക് പഞ്ചായത്തിനെ സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. സംസ്ഥാനത്തെ നിരവധി പഞ്ചായത്തുകൾ കയർ ഭൂവസ്ത്രം ഉപയോഗിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ട്.

**കയർത്തൊഴിലാളി ക്ഷേമനിധിയിലേക്ക് കയർ വ്യാപാരികളിൽ നിന്ന് ഈടാക്കുന്ന സെസ്സ്**

37 (5442) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സംസ്ഥാന കയർ തൊഴിലാളി ക്ഷേമനിധിയിലേക്ക് കയർ വ്യാപാരികളിൽ നിന്ന് സർക്കാർ സെസ്സ് ഈടാക്കാറുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്നുമുതലാണ്; ഓരോ സാമ്പത്തിക വർഷവും ഇതിലേക്ക് ലഭിച്ച തുകയെത്ര ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ക്ഷേമനിധിയിലേക്ക് ലഭിച്ച സെസ്സ് തുക ഏതെല്ലാം ആവശ്യങ്ങൾക്കാണ് ക്ഷേമനിധി ബോർഡ് ഉപയോഗിക്കുന്നത് ;

(ഡി) ഇത് സംബന്ധിച്ച് ഈ സാമ്പത്തിക വർഷം എന്ത് തുക ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട് ;

(ഇ) അതിൽ എന്തു തുക നാളിതുവരെ ക്ഷേമനിധിയിലേക്ക് ലഭ്യമാക്കിയിട്ടുണ്ട് ?

ഉത്തരം

(എ) കേരള കയർ തൊഴിലാളിക്ഷേമ സെസ്സ് നിയമം 31-1-2009 മുതൽ പ്രാബല്യത്തിൽ വന്നിട്ടുള്ളതാണ്. ഇതനുസരിച്ച് വ്യാപാരികൾ, കയറ്റുമതിക്കാർ തുടങ്ങിയവരിൽ നിന്നും അവരുടെ വിറ്റ് വരവിന്റെ 0.35% തുക സെസ്സ് ഇനത്തിൽ ഈടാക്കേണ്ടതുണ്ട്. ഇതനുസരിച്ചുള്ള നടപടികൾ സ്വീകരിച്ചതിനെ തുടർന്ന് കയറ്റുമതിക്കാരും വ്യാപാരികളും സെസ്സ് നിയമത്തിന്റെ ഭരണ ഘടനാ സാധ്യതയെ ചോദ്യം ചെയ്ത് ബഹു.ഹൈക്കോടതിയെ സമീപിക്കുകയും ബഹു.ഹൈക്കോടതിയുടെ നടപടിയെ തുടർന്ന് സെസ്സ് തുക നിലവിൽ പിരിക്കാൻ കഴിയാത്ത സ്ഥിതിയാണുള്ളത്. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ അന്തിമ തീർപ്പിനു വിധേയമായി മാത്രമേ സെസ്സ് തുക പിരിക്കാൻ കഴിയൂ.

(ബി) 31-1-2009 മുതൽ സെസ്സിൽ നിന്നുള്ള വരുമാനം ഇതുവരെ കയർ തൊഴിലാളി ക്ഷേമനിധി ബോർഡിന് ലഭിച്ചിട്ടില്ല.

(സി) മുകളിൽ സൂചിപ്പിച്ച കാരണത്താൽ സെസ്സ് നിയമപ്രകാരമുള്ള തുക ലഭിച്ചു തുടങ്ങിയിട്ടില്ല.

(ഡി) 2010-11-ലെ ബഡ്ജറ്റിൽ പദ്ധതിയേതര വിഭാഗത്തിൽ 2008-ലെ കേരള കയർ തൊഴിലാളി ക്ഷേമ സെസ്സ് ആക്ട് പ്രകാരം പിരിച്ചെടുത്ത തുക കേരള കയർ തൊഴിലാളി ക്ഷേമനിധിയിലേക്ക് കൈമാറുന്നതിന് '285-100-106-28' എന്ന ശീർഷകത്തിൽ 1,000 രൂപ വകകൊള്ളിച്ചിട്ടുണ്ട്.

(ഇ) സെസ്സ് നിയമം നടപ്പാക്കാൻ കഴിയാത്തതിനാൽ ഈ ഇനത്തിൽ ക്ഷേമനിധി ബോർഡിന് തുക ഒന്നും തന്നെ ലഭിച്ചിട്ടില്ല.

**കെമിക്കൽ എമർജൻസി റെസ്പോൺസ് സെന്റർ**

38 (5443) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. ടി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ തൊഴിൽ ശാലകളിലെ രാസാപകടങ്ങൾ നിയന്ത്രിക്കുന്നതിനായി സ്ഥാപിച്ച കെമിക്കൽ എമർജൻസി റെസ്പോൺസ് സെന്ററിന്റെ പ്രവർത്തനം പൂർണ്ണ തോതിൽ തുടങ്ങിയിട്ടുണ്ടോയെന്നറിയിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly